**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പി.യു.സി) വകുപ്പ്**

**സ.ഉ(അച്ചടി) നം. 154/2017/ധന തീയതി, തിരുവനന്തപുരം, 03.12.2017.**

---

പരാമർശം: 1. 22.04.2017-ലെ സ.ഉ.(അച്ചടി)നം. 52/2017/ധന

2. 23.08.2017 -ലെ സ.ഉ.(അച്ചടി)നം. 111/2017/ധന

3. 12.05.2017-ലെ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെതിനു സമാനമായ ശമ്പളഘടന തുടർന്നു വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ 40% ൽ അധികം അംഗവൈകല്യമുള്ള ജീവനക്കാരുടെ സ്പെഷ്യൽ അലവൻസ് നിരക്ക് 800/- രൂപയായും, പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം മേൽ വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ അലവൻസ് നിരക്ക് 800 രൂപയിൽ നിന്നും 1000/- രൂപയായും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സർക്കാർ അംഗീകാരത്തോടെയുള്ള ദീർഘകാലകരാർ വ്യവസ്ഥയിൽ നിയമിതരായ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംസ് ലിമിറ്റഡിലെ ജീവനക്കാർക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവ് ബാധകമാണോ എന്നതിന്മേൽ പരാമർശം (3) പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (1),(2) എന്നിവ പ്രകാരം അനുവദിച്ച് ഉത്തരവായിരുന്ന ആനുകൂല്യം ടി ഉത്തരവ് തീയതികൾ മുതൽ പ്രാബല്യം നൽകി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും 40%ൽ അധികം അംഗവൈകല്യമുള്ള ജീവനക്കാർക്ക് ബാധകമാക്കി കൊണ്ട് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഷർമ്മിള മേരി ജോസഫ്**
**ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി**

പകർപ്പ്-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം
3. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്
4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും / ബോർഡുകളുടെയും / കോർപ്പറേഷന്റെയും ചീഫ് എക്സിക്യൂട്ടീവ്സ്.
5. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ / സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ
7. ഗവർണ്ണറുടെ സെക്രട്ടറി
8. മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
9. സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
12. പബ്ലിക് റിലേഷൻ ഡയറക്ടർ, തിരുവനന്തപുരം
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ